പന്ത്രണ്ടാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി
(2006–2008)

ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി
(2006–2008)

ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21–ാം തീയതി സഭയിൽ സമർപ്പിച്ചത്)

സമിതി (2001) യുടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ
സംബന്ധിച്ച എൺപത്തിഒൻപതാമത് (സ്പെഷ്യൽ) റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ
ആസ്പദമാക്കി തയ്യാറാക്കിയത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

372/2007.

ഉള്ളടക്കം

			പേജ്
സമിതിയുടെ ഘടന		..	v
മുഖവുര		..	vii
അദ്ധ്യായം 1	റിപ്പോർട്ട്	..	1
അദ്ധ്യായം 2	സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ അതേപടി അംഗീകരിച്ചവ	..	2
അദ്ധ്യായം 3	സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ സമിതിയുടെ അഭിപ്രായക്കുറിപ്പുകളോടുകൂടി അംഗീകരിച്ചവ	..	4

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2006–2008)

ഘടന

ചെയർമാൻ :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ.

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദുറബ്ബ്
,, എ. എ. അസീസ്
,, എം. ചന്ദ്രൻ
,, സി. എം. ദിനേശ് മണി
,, കെ. റ്റി. ജലീൽ
,, കെ. കെ. ജയചന്ദ്രൻ
,, പി. ജെ. ജോസഫ്
,, കെ. കുഞ്ഞിരാമൻ
,, കെ. സുധാകരൻ
,, കെ. സി. വേണുഗോപാൽ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. ആർ. വിജയകുമാർ, ജോയിന്റ് സെക്രട്ടറി
,, കെ. മോഹനകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
,, സി. ആർ. രഘുനാഥൻ പിള്ള, അണ്ടർ സെക്രട്ടറി.

മുഖവുര

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2006-2008) യുടെ അദ്ധ്യക്ഷനായ ഞാൻ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2001) യുടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ സംബന്ധിച്ച എൺപത്തിഒൻപതാമത് (സ്പെഷ്യൽ) റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ അടിസ്ഥാന മാക്കിയാണ് ഈ റിപ്പോർട്ട്.

സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾക്ക് ഗവണ്മെന്റ് സ്വീകരിച്ച നടപടികളടങ്ങിയ ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ക്കായുള്ള സമിതി (2004-2006) പരിഗണിച്ചു.

ഈ റിപ്പോർട്ട് 14-2-2007-ൽ കൂടിയ സമിതിയുടെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മാങ്കോട് രാധാകൃഷ്ണൻ,

അദ്ധ്യക്ഷൻ,
പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി.

തിരുവനന്തപുരം,
2007 മാർച്ച് 21.

അദ്ധ്യായം 1

റിപ്പോർട്ട്

പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതി (2001) യുടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് 2001 മാർച്ച് 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

റിപ്പോർട്ടിൽ ഒൻപത് ശുപാർശകൾ ഉൾപ്പെടുത്തിയിരുന്നു. എല്ലാ ശുപാർശകൾക്കും സർക്കാരിൽനിന്നും മറുപടി ലഭ്യമായിട്ടുണ്ട്. സമിതിയുടെ 15-4-2004-ൽ ചേർന്ന യോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും ഖണ്ഡിക 19, 20 എന്നിവയ്ക്കുള്ള മറുപടി അംഗീകരിക്കുകയും ചെയ്തു. ടി ശുപാർശകളും മറുപടിയും അദ്ധ്യായം രണ്ടായി ഉൾപ്പെടുത്തിയിരിക്കുന്നു.

ശുപാർശകൾ 11, 12, 13, 14 15, 16, 17, 18 എന്നിവയ്ക്കുള്ള മറുപടികളിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും അവ അഭിപ്രായക്കുറിപ്പുകളോടുകൂടി അംഗീകരിക്കുകയും ചെയ്തു. ആയത് അദ്ധ്യായം മൂന്നായി ചേർത്തിരിക്കുന്നു.

അദ്ധ്യായം 2

സമിതിയുടെ ശുപാർശകൾക്ക് ലഭ്യമാക്കിയ മറുപടി അതേപടി അംഗീകരിച്ചവ

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ശുപാർശ	സ്വീകരിച്ച നടപടി
(1)	(2)	(3)	(4)
8	19	തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളിൽ കമ്പനി മുന്തിയ പരിഗണന നൽകുന്നുണ്ട്. സമിതി കമ്പനിയുടെ ബാഗിംഗ് യൂണിറ്റ് സന്ദർശിച്ചപ്പോൾ അന്തരീക്ഷം മുഴുവൻ മേഘപടലം പോലെ പൊടി നിറഞ്ഞു നിൽക്കുന്നതു കാണാൻ കഴിഞ്ഞു. ഈ പൊടി ശ്വസിച്ചാൽ സിലിക്കോസിസ് പോലുള്ള അസുഖം ബാധിക്കുമെന്ന് സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഉദ്യോഗസ്ഥർ ഈ സ്ഥാപനം സന്ദർശിച്ച ശേഷം ഇവിടത്തെ പഴയ മെഷിനറി മാറ്റി സ്ഥാപിച്ച് അന്തരീക്ഷ മലിനീകരണം തടയണമെന്ന് നിർദ്ദേശിച്ചിരുന്നു. പുതിയ മെഷീനറി ഇറക്കുമതി ചെയ്ത് സ്ഥാപിക്കണമെങ്കിൽ ഇരുപതുകോടി രൂപ ചെലവു വരും. മെഷീനറി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ നിന്നും	സമിതിയുടെ നിർദ്ദേശാനുസരണം ഉൽപ്പന്നങ്ങൾ കൃത്യമായ അളവിൽ പാക്കറ്റിലാക്കുന്ന യന്ത്ര സംവിധാനം തിരഞ്ഞെടുക്കൽ, വാങ്ങൽ, സ്ഥാപിക്കൽ മുതലായ നടപടികൾ എടുത്തു തുടങ്ങി ആറ് മാസത്തിനകം ഇവ പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു.

(1)	(2)	(3)	(4)
		ഒബ്ജക്ഷനായി തിരിച്ചയച്ചതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. ബാഗിംഗ് യൂണിറ്റിലെ അന്തരീക്ഷമലിനീകരണം തടയുന്നതിനായി പുതിയ മെഷീൻ വാങ്ങുന്നതിന് സർക്കാർ അംഗികാരം നൽകണമെന്നും എത്രയും വേഗം പുതിയ മെഷീൻ വാങ്ങി സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.	
9	20	പൊതുമേഖലാ സ്ഥാപനങ്ങൾ വികസനത്തിനായി വ്യക്തമായ രൂപരേഖ സമർപ്പിക്കുമ്പോൾ നടപടിക്രമങ്ങളുടെ പേരിൽ പ്രോജക്ട് നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ഒട്ടും ആശ്വാസ്യമല്ലെന്ന് സമിതി അഭിപ്രായപെടുന്നു. 2000-2001 വർഷത്തിൽ മുൻ വർഷ ത്തെക്കാൾ 38% ലാഭം ഉണ്ടാക്കിയ, അതായത് 11600.22 ലക്ഷം രൂപ ലാഭമുണ്ടാക്കിയ ഈ പൊതു മേഖലാസ്ഥാപനത്തിന്റെ വികസനത്തിൽ ഗവണ്മെന്റ് പ്രത്യേക താല്പര്യമെടുക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.	നടപടി ക്രമങ്ങൾ സത്വരമാക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

അദ്ധ്യായം 3

സമിതിയുടെ ശുപാർശകൾക്ക് ലഭ്യമാക്കിയ മറുപടി അഭിപ്രായക്കുറിപ്പോടെ അംഗീകരിച്ചവ

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	നിർദ്ദേശങ്ങൾ	സ്വീകരിച്ച നടപടി
(1)	(2)	(3)	(4)
1	11	പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും അംഗീകരിച്ച് നടപ്പാക്കുന്നതിനും ഉണ്ടാക്കുന്ന പ്രൊസീഡ്യൂവറൽ ഡിലേ അവയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിന് ഇപ്പോൾ നിലവിൽ അംഗീകൃത ക്രൈറ്റീരിയയും ഇല്ല എന്നും സ്റ്റോർ പർച്ചേസ് മാനുവലിനു കാലാനുസൃതമായി പരിഷ്ക്കാരം ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. അംഗീകൃത പ്രൊസീഡ്യൂവർ നിലവിലില്ലാതിരിക്കെ ഡയറക്ടർ ബോർഡിന്റെ അംഗികാരമില്ലാതെ കെ. എം. എം. എൽ. അധികൃതർ ടെണ്ടർ ഗവണ്മെന്റിലേക്ക് സമർപ്പിച്ചത് ശരിയായില്ല എന്നും സമിതി വിലയിരുത്തുന്നു. നടാടെ ആരംഭിക്കുന്ന ഒരു സംരംഭം എന്ന നിലയിൽ എല്ലാ രേഖകളും സ്പീക്കിംഗ് രേഖകളായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ	സ്റ്റോർപർച്ചേസ് മാനുവൽ പരിഷ്ക്കരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനുവൽ പരിഷ്ക്കരണത്തിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നതായി ടി വകുപ്പ് അറിയിച്ചിട്ടുണ്ട്.

(1)	(2)	(3)	(4)
		സ്റ്റോർ പർച്ചേസ് മാനുവൽ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	

സമിതിയുടെ അഭിപ്രായക്കുറിപ്പ് : സ്റ്റോർ പർച്ചേസ് മാനുവൽ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന സമിതിയുടെ ശുപാർശയിന്മേൽ 1-1-2004-നു മുമ്പ് നടപടി എടുക്കാത്തതിന്റെ കാരണമെന്താണെന്നും ഇതിന്മേലുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ആരായുവാൻ സമിതി തീരുമാനിച്ചു.

2	12	കെ.എം.എം.എൽ.ന്റെ പ്രവർത്തനാരംഭകാലത്ത് പ്രവർത്തനം ആരംഭിക്കുന്നതിലുണ്ടായ കാലതാമസംമൂലം കോടിക്കണക്കിനുരൂപയുടെ അധിക ചെലവ് ഉണ്ടാവുകയും അതിന്റെ പരിണിതഫലമായി ഈ സ്ഥാപനം പീഢിത വ്യവസായമായി മാറുകയും ചെയ്ത ഈ അവസരത്തിൽ സമിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വികസനത്തിനായി പുതിയ പ്രൊപ്പോസലുകൾ ഉണ്ടാവുമ്പോൾ നടപടി ക്രമങ്ങളുടെ ഭാഗമായി വൻ കാല താമസമുണ്ടാകുന്നത് ആ സ്ഥാപനങ്ങളെ വളർത്തുന്നതിനു പകരം തളർത്തുന്നതിനെ സഹായിക്കുകയുള്ളൂ. പ്രൊപ്പോസലുകൾ സമയബന്ധിതമായി പരിശോധിച്ച് അംഗീകരിച്ചില്ലെങ്കിൽ എസ്റ്റിമേറ്റ് തുക ഇരട്ടിയാകാനും സാദ്ധ്യതയുണ്ട്. മാത്രമല്ല ഈ പദ്ധതി	നടപടിക്രമങ്ങൾ സത്വരമാക്കുവാൻ പരമാവധി ശ്രദ്ധ ചെലുത്തുന്നുണ്ട്.

(1)	(2)	(3)	(4)
		കൾക്ക് ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 600 കോടിയോളം രൂപ ലഭിക്കുമെന്നതും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനത്തിന്റെ വികസന പദ്ധതി അംഗീകാരം നൽകാതെ നടപടിക്രമങ്ങളുടെ പേരിൽ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ കമ്പനി സമർപ്പിച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	

സമിതിയുടെ അഭിപ്രായക്കുറിപ്പ് : കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ വികസന പദ്ധതിക്ക് അംഗീകാരം നൽകുന്നതിലുണ്ടായ കാലതാമസത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി വിശദവിവരം ലഭ്യമാക്കണമെന്നാവശ്യപ്പെടുകയും ചെയ്തു.

3	13	കമ്പനിയുടെ മിനറൽ സെപ്പറേഷൻ പ്ളാന്റിന്റെ ശേഷി വളരെ പരിമിതമാണ്. അസംസ്കൃത വസ്തുക്കൾക്കായി പലപ്പോഴും ഇൻഡ്യൻ റെയർ എർത്ത്സ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരുന്നു. അതിനാൽ പ്രസ്തുത വസ്തു	കമ്പനിയുടെ ധാതുമണൽ സംസ്കരണശാലയുടെ നിലവിലുള്ള ഉല്പാദന ശേഷി ഉയർത്താൻ 9 കോടി രൂപ മതിപ്പു ചിലവിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. പ്രസ്തുത ജോലി 2002 നവംബറിൽ പൂർത്തിയാക്കുകയും, പരീക്ഷണാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങുകയും ചെയ്തു.

(1)	(2)	(3)	(4)
		ക്കളുടെ ഗുണനിലവാരത്തിലോ വിലയിലോ കമ്പനിക്ക് നിയന്ത്രണമില്ല. ചവറയിൽ കമ്പനി നിർദ്ദേശിച്ച പ്രകാരം പ്രതിവർഷം 3 ലക്ഷം ടൺ ശേഷിയുള്ള ഇൽമനൈറ്റ് പ്ളാന്റ് ആരംഭിക്കുകയാണെങ്കിൽ ഇൻഡ്യൻ റെയർ എർത്ത്സിൽ നിന്നും ഇൽമനൈറ്റ് വാങ്ങുന്നതിന് ടണ്ണൊന്നിന് ചെലവാകുന്ന 1500 രൂപ ലാഭിക്കുന്നതിനും, ടി.ടി.പി. പോലുള്ള സ്ഥാപനത്തിനാവശ്യമുള്ള അസംസ്കൃത വസ്തു നൽകുന്നതിനും സാദ്ധ്യമാകും. ഈ നടപടി കമ്പനിയുടെ സിന്തറ്റിക് റൂട്ടയലിന്റെയും ടൈറ്റാനിയം ഡയോക്സൈഡിന്റെയും ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമാണ്. ഇക്കാരണത്താൽ നിലവിലുള്ള മിനറൽ സെപ്പറേഷൻ പ്ളാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ഇൽമനൈറ്റ് പ്ളാന്റ് ആരംഭിക്കുന്നതിനും മുന്തിയ പരിഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	ഈ പുതിയ സംസ്കരണ ശാല നിലവിൽ വന്നതോടുകൂടി ഇൽമനൈറ്റിന്റെ വാർഷിക ഉല്പാദന ശേഷി 60,000 മുതൽ 70,000 മെട്രിക് ടൺ ആയി കൈവരിക്കും. ഒരു ആധുനിക ധാതുമണൽ സംസ്ക്കരണശാല സ്ഥാപിക്കാൻ സ്ഥാപനം ആസൂത്രണം ചെയ്തിട്ടുണ്ട്.

<u>സമിതിയുടെ അഭിപ്രായക്കുറിപ്പ്</u> : മിനറൽ സെപ്പറേഷൻ പ്ളാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ഇൽമനൈറ്റ് പ്ളാന്റ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ എന്തായി എന്നുമുള്ള വിവരം അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

(1)	(2)	(3)	(4)
4	14	സിന്തറ്റിക് റൂട്ടൈലിന് ലോക വിപണിയിൽ നിലവിൽ നല്ല ഡിമാന്റുണ്ട്. സൗദിഅറേബ്യയിലെ ക്രിസ്റ്റൽ എന്ന സ്ഥാപനവും ആസ്ട്രേലിയായിലെ ടൈപ്പെസ്റ്റ് എന്ന സ്ഥാപനവും ഈ കമ്പനിയുടെ ഉല്പന്നത്തിൻമേൽ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചുവരുന്നു. വളരെ ഏറെ കയറ്റുമതി സാദ്ധ്യതയുള്ളതിനാലും ടൈറ്റാനിയം ഡയോക് സൈഡിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനിവാര്യമായതിനാലും സിന്തറ്റിക് റൂട്ടൈലിന്റെ പ്രതിവർഷ ഉൽപ്പാദനം 30,000 ടണ്ണിൽ നിന്ന് 1.6 ലക്ഷം ടണ്ണായി ഉയർത്തുന്നതിനുള്ള നിർദ്ദേശം സജീവമായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	സ്ഥാപനത്തിന്റെ 147-ാം ഭരണ സമിതി യോഗത്തിൽ വച്ച് സിന്തറ്റിക് റൂട്ടൈലിന്റെ വാർഷിക ഉല്പാദനം നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ട് 60,000 ടൺ ആയി ഉയർത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തനത്തിന് നിലവിലുള്ളതു പോലെ ഒരു പുതിയ സംസ്കരണ പ്രക്രിയ ശാഖ പ്രവർത്തനം ആരംഭിക്കാനും അതിനുവേണ്ടി 1 റോസ്റ്റർ, 4 ഡൈജസ്റ്റർ, 1 കാത്സൈനർ മുതലായവ സ്ഥാപിക്കണമെന്നും തീരുമാനിച്ചു. പ്രസ്തുത ജോലി ഘട്ടംഘട്ടമായി പൂർത്തീകരിക്കണമെന്നും അവ നടപ്പിലാക്കാനായി ഭരണസമിതി തീരുമാനിച്ചു.

സമിതിയുടെ അഭിപ്രായക്കുറിപ്പ് : സിന്തറ്റിക് റൂട്ടൈലിന്റെ വാർഷിക ഉല്പാദനം വർദ്ധിപ്പിക്കണമെന്ന് സ്ഥാപനത്തിന്റെ 147-ാം ഭരണ സമിതി യോഗം എന്നാണ് തീരുമാനമെടുത്തതെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുമുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

5	15 ഉം 16 ഉം	നമ്മുടെ രാജ്യത്ത് പ്രതിവർഷം 40,000 മെട്രിക് ടൺ ടൈറ്റാനിയം ഡയോക്സൈഡ് ആവശ്യമുണ്ടാകും എന്നാണ് കണക്കാക്കിയിരുന്നത്. 2003-ാം ആണ്ടിൽ ഇതിന്റെ ഡിമാന്റ് 60,000 മെട്രിക് ടൺ ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ടൈറ്റാനിയത്തെ അടിസ്ഥാനമാക്കിയുള്ള	1998-ൽ സ്ഥാപനത്തിന്റെ '300' എന്ന പ്ലാന്റിൽ സ്ഥാപനത്തിലെ തന്നെ ഗവേഷണ വിഭാഗം കണ്ടുപിടിച്ച് പ്രക്രിയ ക്രമം നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത പ്രക്രിയ 1999-ൽ സ്ഥാപനത്തിന്റെ രണ്ടാമത്തെ പ്രക്രിയാ ശാഖയിലും വിജയകരമായി നടപ്പാക്കി. പ്രസ്തുത പ്രക്രിയ നടപ്പിലാക്കിയതു കൊണ്ട്

(1)	(2)	(3)	(4)
		പ്രധാന വ്യവസായ മായ പെയിന്റ് വ്യവസായ മേഖലയിൽ 12 മുതൽ 18% വരെ വളർച്ച ഉണ്ടാകുമെന്നു് കണക്കാക്കപ്പെടുന്നു. ടൈറ്റാനിയം ഡയോക് സൈഡിന്റെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പ്ളാന്റിന്റെ ശേഷി 22,000 മെട്രിക് ടണ്ണിൽ നിന്നും 60,000 മെട്രിക് ടണ്ണായി ഉയർത്തുന്നതിനുള്ള നിർദ്ദേശം സമയ ബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കെ. എം. എം.എൽ. ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെ ക്വാളിറ്റി അന്താരാഷ്ട്ര നിലവാരത്തെക്കാൾ 4% വ്യത്യാസം ഉള്ളതായി കമ്പനി സന്ദർശിച്ച അവസരത്തിൽ സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. കമ്പനിയുടെ ആർ ആന്റ് ഡി വിംഗ് ശക്തിപ്പെടുത്തി ലോക നിലവാര ത്തിനൊപ്പം കൊണ്ടുവരുന്നതിന് ശ്രമം ആവശ്യമാണ്. അതിനാൽ ആവശ്യമായ ടെക്നോളജി ആർജ്ജിച്ച് ലോകനിലവാരത്തിലുള്ള ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് നിർമ്മിക്കുന്നതിന് പരിശ്രമിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.	പ്ളാന്റിന്റെ വാർഷിക ഉല്പാദന ശേഷി 25000 ടൺ ആയി ഉയരുകയും ചെയ്തു. അതിനോടൊപ്പം തന്നെ ഇന്ധന ലാഭത്തിനായി ബൈപാസ് എന്ന സംവിധാനം രണ്ടു ശാഖകളിലുമായി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2005–2006 ൽ വാർഷിക ഉല്പാദന ശേഷി 60,000 മെട്രിക് ടൺ ആയി ഉയർത്താനുള്ള ആസൂത്രണ പ്രക്രിയ സ്ഥാപനത്തിൽ തന്നെ ആരംഭിച്ചുകഴിഞ്ഞു. ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദന പ്രക്രിയ സാങ്കേതികത്വം വളരെ ഒരു ഉയർന്ന രഹസ്യമായി സൂക്ഷിക്കുന്നതിനാൽ മെച്ചപ്പെട്ട ഒരു സാങ്കേതിക വിദ്യ മത്സരരംഗത്തുള്ളവരിൽ നിന്ന് ലഭ്യമാക്കാൻ അതീവ പ്രയാസമാണ്. അതുകൊണ്ട് വികസനത്തിന് നിലവിലുള്ള സാങ്കേതിക വിദ്യയെ ആശ്രയിക്കുകമാത്രമേ നിവർത്തിയുള്ളൂ.

സമിതിയുടെ അഭിപ്രായക്കുറിപ്പ് : കെ.എം.എം.എൽ. ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെ ഗുണമേന്മ അന്താരാഷ്ട്ര നിലവാരത്തേക്കാൾ 4% വ്യത്യാസമുള്ള സ്ഥിതിയ്ക്ക്, ടി വ്യത്യാസം കുറയ്ക്കാൻ പുതിയ സാങ്കേതിക വിദ്യയെന്തെങ്കിലും കണ്ടെത്താൻ കമ്പനിയുടെ റിസർച്ച് & ഡവലപ്പ്മെന്റ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് ആരായാൻ സമിതി നിർദ്ദേശിച്ചു. നിലവിലുള്ള സാങ്കേതിക വിദ്യയെ മാത്രം ആശ്രയിക്കുകയേ നിവൃത്തിയുള്ളു എങ്കിൽ ആർ. ആന്റ് ഡി വിംഗിന്റെ പ്രസക്തി എന്താണെന്ന് ആരായാനും സമിതി നിർദ്ദേശിച്ചു.

(1)	(2)	(3)	(4)
6	17	1400 കോടിയുടെ പദ്ധതി നടപ്പിലാക്കിയാലും കമ്പനിയുടെ മൈനിംഗ് മേഖല ബാല്യ ദിശയിലാണ്. ഒരേ സ്ഥലത്ത് കേന്ദ്ര ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും രണ്ട് കമ്പനികൾ ഒരേപോലെ പ്രവർത്തിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് സ്ഥാപനം വളരെ വേഗത്തിലും കാര്യക്ഷമതയോടും മൈനിംഗിനാവശ്യമായ ലാന്റ് അക്വിസിഷൻ നടത്തുമ്പോൾ കേരള ഗവൺമെന്റ് സ്ഥാപനത്തിന് ഇതിന് വ്യക്തമായ ഒരു പ്ലാനില്ല എന്ന് തൊഴിലാളി സംഘടനാ നേതാക്കളിൽ നിന്നും സമിതി മനസ്സിലാക്കി. മൈനിംഗ് ഏരിയ എടുക്കുമ്പോൾ കടലാക്രമണത്തെ തടയുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്നും ലാന്റ് അക്വിസിഷൻ നടത്തിയാൽ കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്നും സമിതിക്ക് പരാതി ലഭിച്ചു. ലാന്റ് അക്വിസിഷൻ നടപടികൾക്ക് വ്യക്തവും കാലോചിതവുമായ പരിഷ്ക്കാരം ആവശ്യമാണ്. മൈനിംഗ് ഏരിയ ഡിമാർക്കേറ്റ് ചെയ്യുന്നതിനും കുടിയൊഴിപ്പിക്കേണ്ടി വരുന്നവരെ പുനരധിവസിപ്പിക്കുന്നതിനും കടലാക്രമണം തടയുന്നതിനും നടപടി സ്വീകരിക്കണമെന്നു് സമിതി ശുപാർശ ചെയ്യുന്നു.	ധാതുമണൽ ഖനനത്തിനായി 17 ഏക്കർ ഭൂമി സ്ഥാപനം പൊന്നും വിലയ്ക്കെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തു നിന്നും നിയമാനുസൃതമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളെ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്തിന്റെ പുനരധിവാസ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുകയും സ്ഥാപനം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുക ജില്ലാ പഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് കടലാക്രമണം തടയുന്നതിനുള്ള കടൽ ഭിത്തി നിലവിലുണ്ട്. എന്നാൽ കാട്ടിൽ-ക്ഷേത്രത്തിനു വടക്കു വശവും സിമിത്തേരിക്ക് പടിഞ്ഞാറു വശവും കടൽ ഭിത്തിക്ക് പുനരുദ്ധാരണം ആവശ്യമാണ്. പ്രസ്തുത പുനരുദ്ധാരണ പ്രവർത്തനത്തിന് സ്ഥാപനം ജലസേചന വകുപ്പുമായി സംസാരിക്കുകയും അവർ അതിനുവേണ്ടി വരുന്ന ചിലവ് വഹിച്ച് ജോലി പൂർത്തീകരിക്കുകയും ചെയ്തു. സ്ഥാപനം ഏറ്റെടുത്ത സ്ഥലത്ത് കടൽ ഭിത്തി നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാലും സ്ഥലവാസികളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കാനുമായി, സ്ഥാപനം താല്ക്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുകയുണ്ടായി. വേണ്ടി വന്നാൽ സ്ഥിരമായിത്തന്നെ കടൽ ഭിത്തി നിർമ്മിക്കുന്നതാണ്.

(1)	(2)	(3)	(4)

സമിതിയുടെ അഭിപ്രായക്കുറിപ്പ് : ധാതുമണൽ ഖനനത്തിനായി 17 ഏക്കറിൽ കൂടുതൽ ഭൂമി പൊന്നും വിലയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നും സമിതിയെ അറിയിക്കണം. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്നും എന്നത്തേയ്ക്ക് പ്രസ്തുത നടപടി പൂർത്തീകരിക്കാൻ കഴിയും എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

7	18	കമ്പനിയിൽ ഇപ്പോൾ ദിവസ വേതനത്തിൽ ജോലി നോക്കുന്ന 58-ഓളം തൊഴിലാളികളുണ്ട്. അവർ 17 വർഷമായി ജോലി നോക്കിയിരുന്നു. കമ്പനിയുടെ വികസന പരിപാടി നടപ്പിലാക്കുമ്പോൾ ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	1984-ൽ തന്നെ സ്ഥാപനം 392 താൽക്കാലിക ജീവനക്കാരുടെ പട്ടിക തയ്യാറാക്കിയിരുന്നു. 1999-ലെ പ്രത്യേക സർക്കാർ അനുവാദം അനുസരിച്ച് പ്രസ്തുത പട്ടികയിൽ നിന്നും 270 താൽക്കാലിക ജീവനക്കാരെ ടൈറ്റാനിയം ഡയോക്സൈഡ് സംസ്ക്കരണശാലയിൽ സ്ഥിരം ജീവനക്കാരാക്കി. ശേഷിക്കുന്ന 122 പേരിൽ 38 പേർക്ക് സ്ഥിര നിയമനം നൽകി. എന്നിരുന്നാലും 37 ചുമട്ടു തൊഴിലാളികൾ ഉൾപ്പെടെ ഇപ്പോൾ 142 പേർ പ്രസ്തുത പട്ടികയിൽ അവശേഷിക്കുന്നു. ഇവരെ സ്ഥിരം ജീവനക്കാരാക്കി നിയമിക്കുന്നതിന് സ്ഥാപനത്തിന് ചില സാങ്കേതികമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ കിട്ടുന്ന നിർദ്ദേശത്തിനും അംഗീകാരത്തിനും വിധേയമായി സ്ഥാപനം ചില നടപടികൾ എടുത്തു തുടങ്ങിയിട്ടുണ്ട്.

സമിതിയുടെ അഭിപ്രായക്കുറിപ്പ് : കമ്പനിയിൽ എത്ര കാഷ്വൽ തൊഴിലാളികളെ നാളിതുവരെ ജോലിയിൽ സ്ഥിരപ്പെടുത്തിയെന്നും ഇനി എത്രപേരെ സ്ഥിരപ്പെടുത്താനുണ്ടെന്നും ഇവരെ സ്ഥിരപ്പെടുത്തുന്നതിന് എന്ത് നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

മാങ്കോട് രാധാകൃഷ്ണൻ,

തിരുവനന്തപുരം
21 മാർച്ച് 2007

ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.